(ഇ) സംസ്ഥാനത്തെ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്മെന്റ് (എൻ.ഐ.ആർ.ഡി) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിക്കുന്നു.

(എഫ്) കർഷകരുടെ കടബാദ്ധ്യത ലഘൂകരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി

2 (*37) ശ്രീ. സാജു പോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചക്ക് പരിഹാരം കാണുന്നതിന് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ,

(എ&ബി) വിവിധ പരിപാടികൾ ഗവൺമെന്റ് ചെയ്തുവരുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 2001-ൽ എം. എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിലുള്ള കമ്മീഷൻ Impact of WTO in Kerala's Agriculture എന്ന വിഷയത്തെപ്പറ്റി ഒരു പഠനം നടത്തി റിപ്പോർട്ട് 2003-ൽ സമർപ്പിക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം UNCTAD (United Nations Council for Trade and Development)-ന്റെ ഫണ്ടുപയോഗിച്ച് Virtual Univeristy for Agricultural Trade ഒരു പഠനം നടത്തി വരുന്നു. Impact of Regional Trade Agreements on Kerala's Agriculture' എന്നതാണ് പഠന വിഷയം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ വ്യക്തമാകുന്നത് കാർഷിക മേഖലയിൽ ഒരു വാഗ്ദാന ഗവൺമെന്റ് ആണെന്നാണ്. യഥാർത്ഥത്തിൽ കൃഷിക്കാർക്ക് ആവശ്യം വാഗ്ദാനമല്ല, പ്രയോഗമാണ്. 2003-04-ലെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് കാർഷിക കയറ്റുമതി മേഖലയ്ക്ക് 2.87 കോടി രൂപ, ഔഷധ ഇതരകൃഷിക്കുവേണ്ടി 10 ലക്ഷം രൂപ, വെർച്വൽ യൂണിവേഴ്സിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മൂപീകരിക്കാൻ 1 കോടി രൂപ, സംയോജിത നാളികേര വികസനത്തിനുവേണ്ടി 10.5 കോടി രൂപ, പഴവർഗ്ഗ കൃഷി വികസനത്തിന് 2 കോടി രൂപ, വിള മേഖലയ്ക്ക് 933.75 കോടിരൂപ, കാർഷിക കയറ്റുമതിക്ക് 5.1 കോടി രൂപ. ഇത് 2004-05-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതാണ്. നെൽകൃഷിയുടെ സ്ഥായിയായ വികസനത്തിന് 344.8 കോടി രൂപ, ഔഷധ സസ്യ ജൈവ കൃഷി സ്ഥാപിക്കാൻ, നവീന കാർഷിക ബഡ്ജറ്റിനുവേണ്ടി 4 കോടി രൂപ, ജൈവ കൃഷിക്ക് 1 കോടി രൂപ. ഉന്നത സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കാൻ 81 ലക്ഷം രൂപ, കേര കൃഷി വികസനത്തിന് 9.75 കോടി രൂപ കഴിഞ്ഞ രണ്ടു വർഷത്തിൽമാത്രം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഞാൻ പറഞ്ഞിരിക്കുന്ന 486.68 കോടി രൂപയ്ക്ക് എന്താണ് സംഭവിച്ചത്? ഇതിൽ ചെലവഴിച്ചതിന്റെ സംഖ്യ എത്രയാണ് എന്നതിന്റെ വിശദാംശം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ ഗൗരിയമ്മ : സർ, ഓരോന്നിനും പ്രത്യേകം പറയാൻ ബുദ്ധിമുട്ടാണ് APEDA (Agricultural Processing and Export Development Authority)-യുടെ സഹായത്തോടുകൂടി Agri Export Zone-ന്റെ പണം ഗവൺമെന്റിന് കിട്ടിയിട്ടുള്ളത് കൃഷിക്കാർക്ക് കൊടുക്കുന്നുണ്ട്. രണ്ടാമതായി അങ്ങ് പറഞ്ഞ മെഡിസിനൽ പ്ലാന്റിന്റെ കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. അതിനാവശ്യമായ ആളുകളേയും സംഘടനകളേയും തെരഞ്ഞെടുത്ത് ആവശ്യമായ വിത്തുകൾ കൊടുക്കുന്നുണ്ട്. മെഡിസിനൽ പ്ലാന്റ്സ് ഉൽപ്പാദിപ്പിച്ച് 'ഔഷധി'-ക്ക് കൊടുക്കുന്നതിന് ആവശ്യമായ നടപടി എടുക്കുന്നുണ്ട്. 348 കോടി രൂപ അല്ല, അതിനേക്കാൾ കൂടുതൽ തുക ഈ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഈ ഗവൺമെന്റ് നിലവിൽ വന്നതിനു ശേഷം കാർഷിക വരുമാനത്തിലും അതുപോലെ കാർഷിക ഉൽപ്പാദനക്ഷമതയിലും വലിയ നിരക്കിലാണ് കുറവ് വന്നുകൊണ്ടിരിക്കുന്നത്. 2004-ലെ കേരള സർക്കാരിന്റെ ഇക്കണോമിക് റിവ്യൂ അനുസരിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ച 2000-01-ൽ ആകെ വരുമാനത്തിന്റെ 16.23 ശതമാനം ഉണ്ടായിരുന്ന കാർഷിക വരുമാനം ഇപ്പോൾ 13 ശതമാനമായിരിക്കുകയും നെല്ലിന്റേയും നാളികേരത്തിന്റേയും കശുവണ്ടിയുടേയും ഉൽപ്പാദനക്ഷമത 2081-ൽ നിന്നും 1984 ആയും 6422-ൽനിന്ന് 6052 ആയും 761-ൽനിന്ന് 731 ആയും കുറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് വിളകളുടെ ഉൽപ്പാദനക്ഷമത കുറയുകയും അതുപോലെ കാർഷിക വരുമാന രംഗത്തുള്ള മൊത്തം വരുമാനത്തിൽ കുറവ് വരികയും ചെയ്യുന്നത് പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും പ്രൊഡക്ടിവിറ്റി കുറഞ്ഞിട്ടില്ല; കഴിഞ്ഞ വർഷം നെല്ല് ഉൽപ്പാദിപ്പിക്കുന്ന സ്ഥലം കുറഞ്ഞിട്ടുണ്ട്. തെങ്ങിന്റെ കാര്യത്തിൽ മുൻകാലത്തിനേക്കാൾ കൂടിക്കൊണ്ടിരിക്കുകയാണ്. പക്ഷേ തെങ്ങിന് രോഗമാണ്. തെങ്ങ് വെട്ടിമാറ്റി ഒരു ദിവസമോ രണ്ടു ദിവസമോകൊണ്ട് തെങ്ങ് കായ്ക്കുകയില്ല; ആറുകൊല്ലം വേണം. അതിനുവേണ്ടിയുള്ള നടപടികൾ നടക്കുന്നുണ്ട്. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആദ്യമായി ഇവിടെനിന്നും അയച്ച 1927 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പണം കിട്ടാത്തതുകൊണ്ട് അത് നടപ്പിലായിട്ടില്ല. എന്നാൽ ബഫർ സോണിലും ബാക്കിയുള്ളിടത്തും ഒക്കെയായി തെങ്ങ് വെട്ടിമാറ്റി പുതിയ തെങ്ങ് വയ്ക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സാഹചര്യം അനുസരിച്ച് തുടങ്ങിയിട്ടുണ്ട്. നമ്മുടെ വിളകൾ ദീർഘകാല വിളകളാണ്. സംസ്ഥാന സർക്കാർ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. അതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ട്. നെല്ലിനെ സംബന്ധിച്ച് പ്രൊഡക്ടിവിറ്റി വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, കാർഷിക മേഖലയിലെ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എടുത്തുകൊണ്ടിരിക്കുന്ന നടപടികളൊന്നും ഫലപ്രദമാകുന്നില്ല. നയപ്രഖ്യാപനങ്ങൾ നടത്തുന്ന പ്രസംഗങ്ങളിൽ വാഗ്ദാനങ്ങൾ മാത്രമാണ്, അതിനാവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് കൃത്യമായിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയ തുക കൃത്യമായി ചെലവഴിക്കുന്നില്ല; ഇതാണ് ഇപ്പോൾ കേരളത്തിൽ വന്നുകൊണ്ടിരിക്കുന്ന സ്ഥിതി. ഇതിൽ വയനാട് സ്പെഷ്യൽ പാക്കേജ് എന്നുപറഞ്ഞുകൊണ്ട് 90 കോടി രൂപ പ്രഖ്യാപിക്കുകയുണ്ടായി. അതിൽ 15 കോടി രൂപയാണ് ജില്ലയ്ക്ക് കൊടുത്തത്. അതിൽത്തന്നെ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. ഇതിന്റെയൊക്കെ ഫലമായി അവിടെ ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി ഇനത്തിൽ 57.64 കോടി രൂപ ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കൊടുക്കാനുള്ള തുക കിട്ടാത്തതുകൊണ്ട് പുനർ വായ്പ കൃഷിക്കാർക്ക് കൊടുക്കുന്നില്ല. ഇന്നത്തെ പത്രത്തിലെ വാർത്ത കാർഷിക കടക്കെണിമൂലം ഒരു കൃഷിക്കാരൻ വീണ്ടും ആത്മഹത്യ ചെയ്തു എന്നുള്ളതാണ്. അപ്പോൾ 488 കൃഷിക്കാർ ആത്മഹത്യ ചെയ്ത വയനാട്ടിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതി ഫലപ്രദമായി നടപ്പിലാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, വയനാട്ടിൽ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ച സഹകരണ സംഘങ്ങളിൽനിന്ന് കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എല്ലാംതന്നെ ഈ മാസം നൽകുന്നതാണ്. അത് എന്തുകൊണ്ട് ഇത്ര താമസിച്ചു എന്നും എങ്ങനെ ഈ മാസം കൊടുക്കുമെന്നും ഈ വെള്ളിയാഴ്ച അറിയും.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, വയനാട്ടിൽ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ളതും അതിനും പുറമേ മരിച്ചവരുടെ ആശ്രിതർക്ക് കൊടുക്കാനുള്ളതുമായ മുഴുവൻ തുകയും കൊടുത്തിട്ടുണ്ട്. അതുപോലെ മറ്റ് കൃഷിയാവശ്യങ്ങൾക്ക് ബാങ്കുകളും സഹകരണ ബാങ്കുകളും പലിശയിളവ് ചെയ്യുകയും മധ്യകാല വായ്പ ദീർഘകാല വായ്പകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ചില കൃഷിക്കാർ അതിന്റെ നടപടികൾ സ്വീകരിച്ചിട്ടില്ല. കർഷക സംഘങ്ങളും നാട്ടുകാരും അവരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി കൊണ്ടുവരേണ്ടതാണ്. ഗവൺമെന്റിന് ഓരോരുത്തരേയും പോയി കണ്ട് പറയാൻ സാധിക്കാത്തതിന്റെ കുറവുണ്ട്. അതാണ് കാരണം. അല്ലാതെ ഒന്നുമില്ല. എല്ലാവിധത്തിലും ഗവൺമെന്റ് ഉദ്യോഗസ്ഥരെക്കൊണ്ട് മീറ്റിംഗുകൾ നടത്തിയൊക്കെ ചെയ്യാവുന്നത് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഏതായാലും ഒരു ബഡ്ജറ്റ് രഹസ്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുറത്തുവിട്ടു, അത് നാട് വിലയിരുത്തട്ടെ. അങ്ങ് പറഞ്ഞത് വെള്ളിയാഴ്ച അംഗങ്ങൾക്ക് അറിയാൻ കഴിയും എന്നാണ്. വെള്ളിയാഴ്ചയാണ് ബഡ്ജറ്റ് പ്രഖ്യാപിക്കുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഡ്ജറ്റിൽ ഇതിനെപ്പറ്റി യാതൊരു പരാമർശവുമില്ല, ഇതുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, ഒരു കാര്യം ഇപ്പോൾ വ്യക്തമായി, ബഡ്ജറ്റിൽ ഒരു നയാപൈസ കൃഷിക്കാർക്ക് കിട്ടാൻ പോകുന്നില്ല. രണ്ടാമത് ഈ ചോദ്യത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ട ഒരു ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. വിളനാശത്തെ സംബന്ധിച്ച്, തെങ്ങിന് മണ്ഡരി രോഗമുണ്ട്, കുരുമുളകിന് മഹാളി രോഗമുണ്ട്. അങ്ങനെ നമ്മുടെ കൃഷിയുടെ 40 ശതമാനത്തോളം നാശമുണ്ടായിക്കൊണ്ടിരിക്കുന്നത് ഇത്തരത്തിലുള്ള രോഗങ്ങൾകൊണ്ടാണ്. മണ്ഡരി പ്രതിരോധത്തിന് വെയർഹൗസിംഗ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. വെയർഹൗസിംഗ് കോർപ്പറേഷനെ ഏൽപ്പിച്ചത് ഗവൺമെന്റ് പ്രഖ്യാപിച്ച 22.5 കോടി രൂപയുടെ മരുന്ന് തളിക്കാനാണ്. ഇപ്പോൾ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് ഒരു പരിശോധന നടത്തിയപ്പോൾ ഗുരുതരമായ ക്രമക്കേടുകൾ കണ്ടിട്ടുണ്ട്. അങ്ങയുടെ കൈയിൽ ആ റിപ്പോർട്ടുണ്ട്. അപേക്ഷയിൽ 62 തെങ്ങെന്ന് കാണിച്ച സ്ഥലത്ത് ഇടതുഭാഗത്തായി 2 കൂടി ചേർത്ത് 262 എന്ന് അപേക്ഷാ ഫോറത്തിൽ കൃത്രിമം കാണിച്ചു. കൃഷിക്കാർക്ക് കിട്ടേണ്ട ആനുകൂല്യം വെയർഹൗസിംഗ് കോർപ്പറേഷനിലെ ചില ഉദ്യോഗസ്ഥർ തട്ടിയെടുക്കുന്നു. ഒരു മാസത്തിനകം 75 ലക്ഷം തെങ്ങുകൾക്ക് മരുന്ന് അടിക്കേണ്ടത് 5 ലക്ഷം തെങ്ങുകൾ ഒഴിച്ച് ബാക്കിയുള്ളതിനെല്ലാം മരുന്ന് അടിച്ചു എന്നാണ് ഇപ്പോഴുള്ള റിക്കോർഡ്. ഇത് ഗൗരവമായ ഒരു പ്രശ്നമായി കണക്കിലെടുത്ത് ഈ രംഗത്ത് കൃഷിക്കാർക്ക് കിട്ടേണ്ട ആനുകൂല്യം തട്ടിയെടുത്ത വെയർഹൗസിംഗ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ പേരിൽ ഫിനാൻഷ്യൽ വിംഗ് അന്വേഷണം നടത്തിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, വെയർഹൗസിംഗ് കോർപ്പറേഷന്റെ കാര്യം പറയാൻ തുടങ്ങിയിട്ട് കുറേ നാളുകളായി. ഈ ഗവൺമെന്റുതന്നെ മരുന്ന് തളിക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷനേയും ആഗ്രോ ഇൻഡ്ട്രീസ് കോർപ്പറേഷനേയും ഏർപ്പെടുത്തി. ആ രണ്ട് കോർപ്പറേഷനുകളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അവിടത്തെ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കാനുള്ള പണം ഉണ്ടാക്കുന്നതിന് അവരെക്കൊണ്ട് ജോലി ചെയ്യിക്കാനാണ് ചെയ്തത്. ചില പാകപ്പിഴകൾ ചിലയിടത്ത് വന്നിട്ടുണ്ട്. കുട്ടനാട്ടിൽ ആഗ്രോ ഇൻഡസ്ട്രീസിൽ ചെറിയ പാകപ്പിഴ വന്നിട്ടുണ്ട്. തിരുവിതാംകൂർ ഭാഗം മുഴുവൻ ആഗ്രോ ഇൻഡസ്ട്രീസിനാണ് കൊടുത്തത്. മറ്റു ഭാഗമാണ് ഇവർക്ക് കൊടുത്തത്. ഇതിൽ ചില പാകപ്പിഴ വന്നതിൽ കുറ്റം ചെയ്ത ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എക്കാലത്തെക്കാളും നല്ല രീതിയിൽ ഒരു കോടി തെങ്ങിന് കഴിഞ്ഞപ്രാവശ്യം മരുന്ന് തളിച്ചു. അത് കഴിഞ്ഞപ്പോൾ ഇക്കൊല്ലം ബാക്കി പണം ഉപയോഗിക്കാൻ കഴിഞ്ഞില്ല. ബാക്കി പണം ധനകാര്യ വകുപ്പിൽ നിന്ന് കിട്ടുന്ന മുറയ്ക്ക് മരുന്ന് തളിക്കുന്നതാണ്. വെയർഹൗസിംഗ് കോർപ്പറേഷനിലെ എം.ഡി.-യോടുള്ള വിരോധം വച്ചുകൊണ്ട് വേണ്ടാത്തത് പറഞ്ഞിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, കേളത്തിലെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. അതിന്റെ ഭാഗമായി കൂട്ട ആത്മഹത്യകൾ ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള ഓരോ ബഡ്ജറ്റും പരിശോധിച്ചപ്പോൾ പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ 2002-ൽ പ്രഖ്യാപിച്ച തുകയെ സംബന്ധിച്ചാണ് പറയുന്നത്. ആ തുകയിൽ എത്രയാണ് വിനിയോഗിച്ചത് എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പറയുന്നില്ല. 2002-ലെ പുതുക്കിയ ബഡ്ജറ്റിൽ മന്ത്രി പറഞ്ഞിട്ടുള്ളത് 500 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാക്കും എന്നാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയടക്കം 500 കോടി രൂപ കാർഷിക മേഖലയിൽ മുതൽമുടക്ക് ഉണ്ടാക്കും; നെൽപ്പാടങ്ങൾ നികത്തുന്നത് തടയും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നെൽപ്പാടങ്ങളുടെ അവസ്ഥാ ഈ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ 2001-ൽ 322388 ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്നത് 287000 ആയി കുറഞ്ഞു. അതായത് നെൽപ്പാടങ്ങൾ നികത്തും എന്നുള്ള പ്രഖ്യാപനം ഗവൺമെന്റ് 2001-ൽ നടത്തിയിട്ടും അവയുടെ വിസ്തൃതി ചുരുങ്ങുകയാണ് ചെയ്തത്. 2005-06-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത് തരിശിട്ടിരിക്കുന്ന പതിനായിരം ഹെക്ടർ സ്ഥലത്ത് കൃഷി പുനരാരംഭിച്ച് ഒരുലക്ഷം യുവാക്കൾക്ക് തൊഴിൽ കൊടുക്കുമെന്നാണ്. അപ്പോൾ പട്ടിണിയും ആത്മഹത്യകളും പെരുകി കൊണ്ടിരിക്കുന്ന കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച തുകയിൽ എത്ര വിനിയോഗിച്ചു എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, സ്പെഷ്യൽ പാക്കേജിന്റെ കണക്കനുസരിച്ച് തുക മുഴുവൻ ചെലവാകത്തക്ക വിധത്തിലുള്ള നടപടികൾ വന്നിട്ടുണ്ട്. ചില സ്ഥാപനങ്ങൾ തന്ന കണക്കുകൾ പരിശോധിച്ചാൽ കൃഷിക്കാരോട് നേരിട്ട് പണം വാങ്ങിയോ ഇല്ലയോ എന്നുള്ള കണക്ക് പരിശോധിക്കുന്നതിൽ അപാകതകൾ കണ്ടതുകൊണ്ടാണ് ആ പണം ചെലവഴിക്കാത്തത്. പണം ചെലവാകാതെയല്ല; 100 കോടിയിൽപ്പരം രൂപ ചെലവായിട്ടുണ്ട്. ശാസ്ത്രീയമായി ഗവൺമെന്റിന് തരേണ്ടത് തരികയും എടുക്കേണ്ടത് ഗവൺമെന്റ് നിർദ്ദേശിച്ചതു പോലെ എടുക്കാതെയും വന്നതിന്റെ ഫലമായി കണക്കിലുള്ള വ്യത്യാസം കൊണ്ടാണ്. അല്ലാതെ പണം ചെലവാക്കാത്തതല്ല. അങ്ങനെ ആരും വിചാരിക്കണ്ട. കഴിഞ്ഞ കൊല്ലവും 98 ശതമാനം ബഡ്ജറ്റ് തുക ചെലവായിട്ടുണ്ട്. ബഡ്ജറ്റ് തുകയ്ക്ക് പുറമേ കേന്ദ്ര ഗവൺമെന്റ് കുറേ പൈസ തന്നിട്ടുണ്ട്. അതും ചെലവാക്കുന്നുണ്ട്. നമ്മുടെ നാണ്യവിളകളും സാധാരണ വടക്കുള്ള ഹ്രസ്വകാല വിളകളും തമ്മിലുള്ള വ്യത്യാസങ്ങൾ കേന്ദ്ര ഗവൺമെന്റിനെ പറഞ്ഞ് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കുരുമുളക്, കശുവണ്ടി തുടങ്ങിയവയ്ക്കൊക്കെ റീ-പ്ലാന്റിംഗ് സബ്സിഡി തരുന്നുണ്ട്. റീ-പ്ലാന്റിംഗ് സബ്സിഡി തരുന്നതിന് ആ വിധത്തിൽ ചെലവാക്കിയിട്ടുണ്ട്. ആരോ പത്രത്തിലോ സ്വകാര്യമായോ ഒക്കെ പറഞ്ഞതുകേട്ട് ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ പറയുന്നത് ശരിയല്ല. എനിക്ക് വേറെ ഒരു പണിയും ഇല്ല. മന്ത്രിപ്പണിയേ ഉള്ളൂ. അതുകൊണ്ട് കിട്ടുന്ന

മുഴുവൻ പണവും ചെലവഴിക്കുന്നതിനുള്ള നടപടികളാണ് എടുക്കുന്നത്. നിലം നികത്തുന്നതിനെക്കുറിച്ച് പറഞ്ഞു ഇപ്പോഴും നികത്തുന്നുണ്ട്. അതിന് ആരൊക്കെയാണ് ഉത്തരവാദികളെന്ന് ചോദിച്ച് അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറയേണ്ട കാര്യമില്ല. നിലം നികത്തുന്നത് തടയണം. പ്രകൃതിയെ സംരക്ഷിക്കുന്നതിന് ഇന്ന് നെൽപ്പാടങ്ങൾ നികത്താതിരിക്കുന്നത് ആവശ്യമായി വന്നിരിക്കുന്നു. കഴിഞ്ഞ വർഷത്തെ വരൾച്ച ഏറ്റവും കൂടുതൽ ബാധിച്ചത് ഇടുക്കിയിലും വയനാട്ടിലുമാണ്. കുത്തനെ വെള്ളം കിട്ടിപ്പോട്ട് ഒഴുകിപ്പോകുന്ന സ്ഥിതിയുണ്ട്. വെള്ളം തടഞ്ഞുനിർത്തത്തക്ക വിധത്തിലുള്ള നിലം വേണം. ഇപ്പോൾ നമ്മൾ ജലാശയങ്ങൾ നികത്തുകയാണ്. പഴയകാലത്തെ കുളങ്ങളുടെ പുറത്തുനോക്കിയാൽ ഓരോ പുര കാണാം. അത് ചെയ്തത് ഏതെങ്കിലും ഗവണ്മെന്റാണോ? 1967-ൽ ഞാൻ സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്ത ആളാണ്. അന്ന് 12 ലക്ഷം ഏക്കർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു. ഇന്ന് അത് എത്ര കുറഞ്ഞു? ഏതെങ്കിലും ഗവണ്മെന്റിനെ കുറ്റം പറയാനുണ്ടോ? അങ്ങോട്ടും ഇങ്ങോട്ടും എല്ലാപേരും ഒരിച്ചിരല്ലേ? ഒരാളെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. രാഷ്ട്രീയഭേദം ഇല്ലാതെ ഈ നില മാറ്റുന്നതിനുള്ള ഒരു ശ്രമം നമ്മൾ നടത്തണം. ഗവണ്മെന്റിന് നടപടി എടുക്കാൻ പറ്റില്ല. ഇങ്ങനെ നികത്താൻ തുടങ്ങിയാൽ ഗവണ്മെന്റ് പിഴയോ മറ്റു വിധത്തിലോ ജയിലിൽ അടയ്ക്കാനോ ശ്രമിച്ചാൽ നിൽക്കുമോ? ഇല്ല. ആ വിധത്തിലുള്ള ഒരു നടപടി വേണം.

<u>ശ്രീ. പി. ജയരാജൻ:</u> സർ, ഈ ഗവണ്മെന്റ് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചോ; പ്രഖ്യാപനങ്ങൾ എത്ര നടപ്പിലാക്കി എന്നാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകിയിട്ടില്ല.

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> സർ, ഏത് വാഗ്ദാനമാണ് നടപ്പിലാക്കാത്തത് ?

<u>ശ്രീ. പി. ജയരാജൻ:</u> സർ, 2001-02 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയിട്ടുള്ളത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 500 കോടി രൂപയുടെ മുതൽ മുടക്ക് ഈ സംസ്ഥാനത്ത് ഉണ്ടാക്കുമെന്നതാണ്. എത്ര കോടി രൂപ മുതൽമുടക്കുണ്ടായി എന്നതാണ് എന്റെ ചോദ്യം. എന്റെ രണ്ടാമത്തെ ചോദ്യം 2004-05 ബഡ്ജറ്റ് പ്രസംഗത്തിൽ പാട്ടഭൂമി കൃഷി ഏറ്റെടുക്കുന്നതിന് അയ്യായിരം സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുമെന്നും അമ്പതിനായിരം യുവജനങ്ങൾക്ക് തൊഴിൽ നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. കാർഷിക മേഖലയിലെ എത്ര യുവാക്കളാണ് ഇതിനുവേണ്ടി പ്രതീക്ഷിച്ചിരുന്നത്. യാതൊരു നടപടിയും ഈ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റ് ഇതുവരെ എടുത്ത നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> സർ, അമ്പതിനായിരവും ഒരു ലക്ഷവും 20 ലക്ഷവും പേർക്ക് തൊഴിൽ കൊടുത്തിട്ടില്ല എങ്കിൽപ്പോലും കാർഷിക മേഖലയിൽ സ്ത്രീകളും പുരുഷന്മാരുമടക്കമുള്ള ആളുകൾക്ക് പുഷ്പകൃഷി നടത്തുന്നതിന് അനേകം സ്വയംസേവാ സംഘങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ നാലായിരത്തിൽപ്പരം സ്വയം സേവാ സംഘങ്ങൾ VFPCK

LIBRARY ARCHIVES Kerala Legislative Assembly

(Vegetable and Fruits Promotion Council of Kerala) ഉണ്ടാക്കിയിട്ടുണ്ട്. ഈ ഗവണ്മെന്റ് വന്നശേഷം കഴിഞ്ഞ രണ്ടുവർഷംകൊണ്ട് അഞ്ച് ലക്ഷം ടൺ പച്ചക്കറി കൂടുതലായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഓരോരുത്തരേയും എണ്ണിത്തിട്ടപ്പെടുത്തി പതിനായിരം ഇരുപതിനായിരം എന്നുപറയുന്നില്ല എങ്കിലും കാർഷിക രംഗത്തേക്ക് കേരളത്തിലെ കൃഷിക്കാരെ ആകർഷിച്ചിട്ടുണ്ട്. കൃഷി ചെയ്യാൻ കർഷകർ തയ്യാറായി വന്നിട്ടുണ്ട്. പണ്ടത്തേക്കാൾ നിലം തരിശിടുന്നത് മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം പതിനായിരം ഏക്കർ നിലം കൃഷി ചെയ്യുന്നതിനുവേണ്ടി ഏറ്റെടുത്ത നടപടിയിലൂടെ ഏഴായിരത്തി അഞ്ഞൂറ് ഏക്കർ സ്ഥലത്ത് കൃഷി ചെയ്യിക്കാൻ കഴിഞ്ഞു. അതൊന്നും ഞാൻ എണ്ണിത്തിട്ടപ്പെടുത്തയിട്ടില്ല. കൃഷിയിലേക്ക് കർഷകരെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് ഈ ഗവണ്മെന്റിന്റെ പ്രവർത്തനവും ഉണ്ടായി എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ കുറേ കൃഷിക്കാർക്ക് ജോലി ഉണ്ടായിട്ടുണ്ട്. നമ്മൾ പാട്ടം നിർത്തിയവരാണ്. ഇന്ന് ആരെങ്കിലും പാട്ടം വാങ്ങിയാൽ അത് നിയമവിരുദ്ധമാണ്. പക്ഷേ, പാട്ടകൃഷി നടക്കുന്നുണ്ട്. വാഴകൃഷിക്കും പച്ചക്കറി കൃഷിക്കും മറ്റു കൃഷിക്കും പാട്ടത്തിനെടുക്കുന്നുണ്ട്. ആളുകൾ കൃഷി ചെയ്യാതിരിക്കുന്ന സ്ഥലങ്ങൾ കൃഷി ചെയ്യാൻ താൽപര്യമുള്ളവർ പാട്ടത്തിന് എടുക്കുന്നു. ആ കൃഷിക്കാർക്കും അത് നിയമവിരുദ്ധമാണെങ്കിൽപ്പോലും സഹായങ്ങൾ കിട്ടുന്നുണ്ട്. ആ വിധത്തിൽ പാട്ടകൃഷി ചെയ്യുന്നുണ്ട്.

ശ്രീ. സാജു പോൾ: സർ, പ്രകൃതിക്ഷോഭമൂലം വിളനാശം സംഭവിക്കുന്നവർക്ക് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച നിരക്കിലാണ് ഇന്നും സഹായം നൽകുന്നത്. തെങ്ങിന് 300 രൂപ, ജാതിക്ക് 100 രൂപ, റബ്ബറിന് 45 രൂപ, കപ്പ കൃഷിക്ക് സെന്റിന് രണ്ടു രൂപ, ഏത്തവാഴ കുലയ്ക്കാത്തതിന് പന്ത്രണ്ടര രൂപ, നെല്ലിനാണെങ്കിൽ അഞ്ചു ഹെക്ടർ നശിച്ചാൽ മാത്രമാണ് സഹായം നൽകുന്നത്. അത് പുതുക്കുന്നതിനും ഇതിലുള്ള അശാസ്ത്രീയത പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ബഹുമാനപ്പെട്ട മെമ്പർക്ക് കിട്ടിയിരിക്കുന്ന അറിവ് തെറ്റാണ്. ഈ ഗവണ്മെന്റ് വന്നതിനുശേഷം കൃഷിക്കാർക്ക് കൊടുക്കുന്ന നഷ്ടപരിഹാരം ഇരട്ടിയാക്കിയിട്ടുണ്ട്. ആയിരത്തി അഞ്ഞൂറ് രൂപ നെൽകൃഷിക്ക് കൊടുത്തിരുന്നത് മൂവായിരം രൂപയാക്കി. തെങ്ങിന് മുമ്പ് 100 രൂപ കൊടുത്തിരുന്നത് 300 രൂപയാക്കി. ഓരോ ഐറ്റത്തിനും കൃഷിക്കാർക്ക് കൊടുക്കുന്ന നഷ്ടപരിഹാരം ഈ ഗവണ്മെന്റ് വന്നതിനുശേഷം ഇരട്ടിയാക്കിയിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, പ്രകൃതിക്ഷോഭമൂലം കൃഷിനാശം സംഭവിച്ചവർക്ക് മാത്രമാണ് ഇപ്പോൾ സഹായധനം നൽകുന്നത്. യഥാർത്ഥത്തിൽ കീടബാധയാലും രോഗങ്ങൾമൂലവും പ്രത്യേകിച്ച് ഇഞ്ചികൃഷി പോലെയുള്ള വൻതോതിൽ മുതൽമുടക്കി കൃഷി ചെയ്യുന്ന അത്തരം കൃഷി നാശത്തിന് യാതൊരുവിധ സഹായധനവും നൽകുന്നില്ല. നമുക്ക് നിരവധി കേന്ദ്ര ഏജൻസികളും ബോർഡുകളുമുണ്ട്. അവരുടെയെല്ലാം സഹായത്തോടെ ഇഞ്ചികൃഷി ചെയ്യുന്ന, അതുപോലെ വാനില കൃഷിക്കാർക്കും രോഗബാധയാലും കീടബാധയാലും സംഭവിക്കുന്ന കൃഷിനാശത്തിന് സഹായധനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, സഹായം കിട്ടുന്നുണ്ട്. ഇതിൽ വാനില കൃഷിക്ക് മാത്രമായി സർക്കാർ ഒന്നും കൊടുക്കുന്നില്ല. ബാക്കിയുള്ള കൃഷികൾക്ക് നഷ്ടം വരുന്നവർക്ക് സഹായധനം കൊടുക്കുന്നുണ്ട്. അതിനുള്ള തോതും ബാക്കിയുള്ളതും വച്ച് ഒരു നോട്ടിഫിക്കേഷനുണ്ട്; അത് ഞാൻ ഇന്ന് കൊണ്ടുവന്നിട്ടില്ല. നാളെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. വാനിലയെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടില്ല. ഇനി ആലോചിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, തൊഴിൽമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കാൻ ഇടയുള്ള പ്രധാനപ്പെട്ട ഒന്നാണ് നെൽകൃഷി. നെൽകൃഷി മിക്കവാറും കേരളത്തിന് അന്യം നിൽക്കാൻ പോകുന്ന അവസ്ഥയിലേക്ക് വന്നു പോകുകയാണ്. നെൽപ്പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുകയാണ്. നികത്താത്ത സ്ഥലങ്ങൾ തരിശിടുകയാണ്. ഇങ്ങനെ തരിശിടുന്നതും നികത്തുന്നതുമായ ഭൂമി പരിരക്ഷിച്ചുകൊണ്ട് തരിശിടുന്നതുൾപ്പെടെയുള്ള സ്ഥലങ്ങൾ കർഷക തൊഴിലാളികളെയും കൃഷിക്കാരെയും കുടുംബശ്രീ യൂണിറ്റുകൾ ഉൾപ്പെടെയുള്ള യൂണിറ്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇത്തരം പ്രദേശങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടി താത്ക്കാലികമായി കൃഷിക്കാരെക്കൂടി യോജിപ്പിച്ചുകൊണ്ട് കുടുംബശ്രീ യൂണിറ്റുകളും കർഷക തൊഴിലാളികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ആലോചിച്ച് ഒരു പദ്ധതി ആസൂത്രണം ചെയ്താൽ വലിയ രീതിയിൽ കർഷകർക്ക് തൊഴിൽ കിട്ടും. അതുപോലെതന്നെ കുടുംബശ്രീ യൂണിറ്റുകളിലുള്ള സ്ത്രീകൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ? നേരത്തെ പറഞ്ഞ പരിസ്ഥിതി പ്രശ്നത്തിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ, കൃത്യമായി വെള്ളം സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തുകയും ചെയ്യാം. അതുകൊണ്ട് തൽക്കാലം പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനം ഗവണ്മെന്റ് സംഘടിപ്പിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, പ്രോജക്ടും പാക്കേജും ഇല്ലാത്തതല്ല. ഈ കൊല്ലത്തെ വരാൻ പോകുന്ന ബഡ്ജറ്റിൽ നെൽകൃഷി വികസിപ്പിക്കാനും തരിശായി കിടക്കുന്ന നിലങ്ങൾ വീണ്ടെടുത്ത് കൃഷി ചെയ്യാനും 10 കോടി രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. അയ്യായിരം രൂപവീതം കൃഷിക്കാർക്ക് സബ്സിഡി കൊടുത്തതാണ്. അതാണ് ഞാൻ പറഞ്ഞത്. ആ വിധത്തിൽ പുതിയതായി സബ്സിഡി കൊടുത്താൽ അഞ്ഞൂറ് ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ കഴിയും. അതിന് പ്രോജക്ടില്ലാതെയില്ല. അതെല്ലാം സാവകാശം നടക്കും. നെൽകൃഷിയിൽ പ്രധാനം കൊയ്ത്താണ്. കൊയ്ത്തിന് ആളില്ല. കൊയ്ത്തിന് മെഷീൻ ഉണ്ട്. അത് കരയിലും ചെളിപ്രദേശത്തും മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഇതുവരെ വെള്ളത്തിൽ ഉപയോഗിക്കാൻ ഒരു മെഷീൻ കണ്ടെത്തിയിട്ടില്ല. കാംപ്കോയോട് ഇക്കാര്യം പറയാൻ തുടങ്ങിയിട്ട് ഒരുപാട് കാലമായി. പുറത്തും അതിന്റേതായിട്ടുള്ള അഡ്വാന്റേജസ് വന്നിട്ടുണ്ട്. കൃഷി പണിക്കും ആള് കുറവാണ്. ഞാനും ഒരു കൃഷിക്കാരിയാണ്. കൊയ്യാൻ

എന്തുമാത്രം പ്രയാസമാണ്. കൃഷിക്കാർ കൃഷി ചെയ്യിക്കാത്തത് ലാഭകരമല്ലാത്തതു കൊണ്ടാണ്. സമയത്ത് മെക്കനൈസേഷൻ നടപ്പിലാക്കിയില്ല. ട്രാക്ടറിൽ ഉപ്പുവാരാൻ പോയി. അക്കൂട്ടത്തിൽ ഞാനും പോയിട്ടുണ്ട്. മെക്കനൈസേഷനെതിരായിരുന്നു. കാലാന്തരത്തിൽ നമുക്കും ആ രംഗത്തേക്ക് കടക്കേണ്ടതുണ്ട്. നടപടി എടുക്കാൻ സാവകാശം വന്നു. അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. രണ്ടുകൂട്ടരും ഒരുപോലെതന്നെ കുറ്റക്കാരാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, കേരളത്തെപ്പറ്റി പറയുമ്പോൾ കേരം തിങ്ങുന്ന നാട് എന്ന അർത്ഥത്തിലാണല്ലോ കേരളം. കേരള യക്ഷി എന്നുവിളിച്ച ആളുകൾ ഇപ്പോൾ മാറ്റിപ്പറയുന്നത് നന്നായി. എന്തെങ്കിലും തോന്നിയതുപോലെ പറഞ്ഞാൽ പോര. പറയുന്നത് ഓർമ്മ വേണം. കേരം തിങ്ങുന്ന നാട് എന്ന അർത്ഥത്തിലുള്ള കേരളത്തിലെ തെങ്ങ് കൃഷി ആദായകരമല്ലാതായി കൊണ്ടിരിക്കുകയാണ്. കാരണം മഹാരോഗങ്ങളാണ്. കേരളത്തിൽ ഉൽപ്പാദനക്ഷമത തമിഴ്നാടിനേക്കാൾ കുറഞ്ഞിരിക്കുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ മണ്ഡരി രോഗം ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് പ്രതിവിധിയായി എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത് അത് പൂർണ്ണമായി വെട്ടി നശിപ്പിക്കുക, എന്നിട്ട് വീണ്ടും കൃഷി ചെയ്യുക. അതാണ് ശ്രീമതി ഗൗരിയമ്മ ഉൾപ്പെടെയുള്ളവർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എനിക്ക് പറയാനുള്ളത്, ഗവേഷണത്തിന് കോടിക്കണക്കിന് രൂപ ചെലവാക്കിയിട്ടും ഒരു കാര്യവും നടത്താൻ സാധിക്കാത്ത പശ്ചാത്തലത്തിൽ എന്റെ അനുഭവത്തിലെ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മണ്ഡരി രോഗത്തിന് അതിന്റെ മണ്ടയിൽ മരുന്നടിക്കുന്ന രീതി മതിയാക്കി മുമ്പത്തിൽത്തന്നെ, ചെറുപ്പക്കാരായിട്ടുള്ള ചില ഗവേഷകർ ജൈവപരമായിട്ടുള്ള, വളരെ പ്രധാനപ്പെട്ട ഒരു മരുന്ന് വികസിപ്പിച്ചെടുത്ത് എന്റെ നിയോജകമണ്ഡലമായ തളിപ്പറമ്പിലെ വള്ളാവിൽ പരീക്ഷണം നടത്തിയത് കുറേയൊക്കെ വിജയകരമാണ്. ഞാനാണ് ആ പരീക്ഷണ പരിപാടി ഉത്ഘാടനം ചെയ്തത്. 100 കണക്കിന് തെങ്ങിൻ തടിയിൽനിന്ന് ജൈവപരമായിട്ടുള്ള മരുന്ന് അടിച്ചുകൊണ്ട് മണ്ഡരിയെ പ്രതിരോധിക്കാനാകുമെന്നാണ് ഇപ്പോൾ അവർ കണ്ടുപിടിച്ചിട്ടുള്ളത്. കോടിക്കണക്കിന് രൂപ ചെലവാക്കിയിട്ടും കണ്ടെത്താൻ കഴിയാത്ത ഒരു സാഹചര്യത്തിൽ വള്ളാവിൽ ഇപ്പോൾ പരീക്ഷിച്ച് വിജയം കണ്ടെത്തിയിട്ടുള്ള ജൈവപരമായ മരുന്ന് കേരളത്തിൽ മണ്ഡരി രോഗം തടയുന്നതിന് വേണ്ടിയുള്ള ഫലപ്രദമായിട്ടുള്ള മരുന്നായി കാർഷിക ഗവേഷണ കേന്ദ്രം തന്നെ വളർത്തിയെടുത്തിട്ടുള്ളതാണ്. ആ പരിപാടി സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> സർ, തെങ്ങ് രോഗത്തിന്റെ കാര്യം പറഞ്ഞു. തെങ്ങിന് രോഗം ഇന്നും ഇന്നലെയും ഉണ്ടായതല്ല; 100 കൊല്ലമായി. അതിന്റെ 100 കൊല്ലത്തെ വാർഷികം നമ്മൾ ആഘോഷിച്ചു. സന്തോഷകരമായ ഒരു വാർത്തയാണ്. ഞാൻ 1980-ൽ കൃഷി വകുപ്പുമന്ത്രിയായിരുന്നു. അന്ന് ഞാനൊരു പ്രോജക്റ്റ് അയച്ചതാണ്. അന്ന് അംഗീകരിച്ചില്ല. ഇന്നിപ്പോൾ 1,927 കോടി രൂപയുടെ പ്രോജക്റ്റ് അവർ അംഗീകരിച്ചു. വരുന്ന കൊല്ലം മുതൽ നടപ്പിലാക്കാമെന്നാണ് പറയുന്നത്. ഏതായാലും പ്രോജക്റ്റ് അംഗീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

അതാണ് നട്ട് വെൽറ്റ് മണ്ഡലിയുടെ കാര്യത്തിൽ പഞ്ചായത്തിനെ സഹകരിപ്പിക്കുക എന്നുപറഞ്ഞാൽ, പഞ്ചായത്തിനെയാണ് അവരുടെ ഭരണകാലത്ത് ഏൽപ്പിച്ചിരുന്നത്. പഞ്ചായത്തിന് 3 രൂപ കൊടുക്കണം. മുന്ന് രൂപ കൊടുക്കാതെ പഞ്ചായത്ത് ഉപേക്ഷിച്ചു. കൃഷിക്ക് കൊടുക്കുന്ന പണം റോഡിനാണ് ചെലവാക്കുന്നത്. ഇപ്രാവശ്യം നിർബന്ധമായി പറഞ്ഞിട്ടുണ്ട്, കൃഷിക്ക് നീക്കിവയ്ക്കുന്ന പണം കൃഷിക്കുവേണ്ടി ഉപയോഗിക്കണമെന്ന് പ്ലാനിംഗ് ബോർഡിനെ കൊണ്ട് ഇപ്രാവശ്യമാണ് നിർദ്ദേശം വരുത്തിയത്. മരുന്ന് തളിക്കൽ അവർക്ക് കഴിയില്ലെന്ന് പറഞ്ഞു. മുന്ന് രൂപ തെങ്ങിന് കൊടുക്കണം. അതുകൊണ്ട് കഴിയില്ലെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഗവൺമെന്റിന് വെതർഹൗസിംഗ് കോർപ്പറേഷനെയും ബാക്കിയുള്ളവരെയും ഒക്കെ ഏൽപ്പിക്കേണ്ടി വന്നത്. അല്ലെങ്കിൽ പഞ്ചായത്ത് ചെയ്താൽ മതിയായിരുന്നു. ഏതായാലും തെങ്ങിന് മരുന്ന് തളിക്കുന്നുണ്ട്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, സി.പി.സി.ആർ.ഐ. തുടങ്ങി മറ്റ് ഗവേഷണ സ്ഥാപനങ്ങളായാലും ഗവൺമെന്റിന് തന്നിരിക്കുന്ന വിവരം മണ്ഡരിക്ക് മരുന്നില്ലെന്നാണ്. അഗ്രികൾച്ചർ പ്രാക്ടീസൊക്കെ നടത്തി, മുന്ന് തളിച്ച് വളം ചെയ്ത് വെള്ളമൊഴിച്ചും ബാക്കിയുള്ള വിധത്തിൽ നടന്നാൽ കൂടുതൽ കാലത്തേക്ക് അതിന്റെതായ ആദായം എടുക്കുന്നതിനുള്ള നടപടികളെടുക്കും. ഏതായാലും മെമ്പർ പ്രതിരോധ മരുന്ന് കണ്ടുപിടിച്ചുവെന്ന് പറഞ്ഞു. അതിന്റെ വിവരം തന്നാൽ കൃഷിക്ക് ആവശ്യമാണെങ്കിൽ നോക്കിക്കാം.

ശ്രീ. എ. സി. മൊയ്തീൻ: സർ, വലിയ പ്രയാസവും പ്രതിസന്ധിയും അനുഭവിക്കുന്ന ഒരു മേഖലയാണ് നെൽകൃഷി മേഖല. ഇപ്പോൾ രണ്ടാംവിള ഉൽപ്പാദനം വിളവെടുപ്പ് തുടങ്ങിയിരിക്കുകയാണ്. മാർക്കറ്റിൽ അരിയുടെ വില കൂടിയിട്ടും ഈ വർഷത്തെ സംഭരണവില കഴിഞ്ഞ തവണത്തേക്കാൾ 7 രൂപ കുറച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. അത് സംഭരിക്കുന്നതിന് സ്വകാര്യ മില്ലുകാരുടെ ഫോൺ നമ്പർ മാവേലി സ്റ്റോറിൽ രജിസ്റ്റർ ചെയ്താൽ കൊടുക്കാമെന്ന രീതിയിൽ സ്വകാര്യ മില്ലുകാരെ ഏൽപ്പിച്ചതുമൂലം കാർഷിക മേഖലയിലെ നെൽകൃഷിക്കാർ പ്രയാസം അനുഭവിക്കുകയാണ്. ഈ രണ്ടാം വിളയുടെ സമയത്തും ഉൽപ്പാദനം സംഭരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ് കൃഷിക്കാർ ഇത്തവണയും പെട്ടിട്ടുള്ളത്. നിശ്ചയിച്ച വില പോലും കിട്ടാത്ത അവസ്ഥയിലേക്കാണ് പോകുന്നത്. ഫോൺ നമ്പർ കൊടുത്തുകഴിഞ്ഞാൽ കയറ്റിക്കൊടുക്കുന്നത് വരെയുള്ള ചുമതലകൾ നിർവ്വഹിക്കാൻ കൃഷിക്കാർ ബാദ്ധ്യസ്ഥരാവുകയാണ്. 600 രൂപ പോലും ഇത്തവണ വില കിട്ടാത്ത സ്ഥിതിയിലാണ് ഇപ്പോൾ സംഭരണത്തിന് തുടക്കമിട്ടിട്ടുള്ള നാം കൊണ്ടുണ്ടായിട്ടുള്ളത്. ഇതിനാവശ്യമായ പരിഹാരം കാണാൻ നെൽകൃഷിക്ക് കൂടുതൽ സംഭരണ വില നൽകാനും പ്രയാസങ്ങൾ പരിഹരിക്കാനും തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം.

കൃഷിയും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുന്നതിനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് നേരിട്ട് 7 രൂപ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ കഴിഞ്ഞ സീസണിൽ 62,000 ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. പൂർണ്ണമായി കർഷകർ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

സഹകരിച്ച് സന്തോഷത്തോടുകൂടി വീണ്ടും സംഭരണം തുടരണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഞാൻ തന്നെ പലവട്ടം പാലക്കാട് ജില്ലയിലെ കർഷകരെ വിളിച്ചുകൂട്ടി കർഷക പ്രതിനിധികളുമായി എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് കാര്യങ്ങൾ പരിഹരിക്കപ്പെട്ട് നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ സീസണിൽ 62,000 ടൺ നെല്ല് സംഭരിച്ചത്. ഇപ്പോൾ വീണ്ടും നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, മന്ത്രിയുടെ മറുപടിയിൽനിന്ന് കൃഷി വകുപ്പിന് ഇക്കാര്യത്തിൽ യാതൊരു ചുമതലയുമില്ലെന്ന് ബോദ്ധ്യമായിട്ടുണ്ട്. സംഭരണം മാറ്റിടത്താണ്. പക്ഷേ കഴിഞ്ഞ തവണ സംഭരണത്തിന്റെ കാര്യത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ ഇവയൊക്കെ പ്രയോജനപ്പെടുത്തിയാണ് സംഭരണ സംവിധാനം നിശ്ചയിച്ചിരുന്നത്. ഇത്തവണ അതുപോലുമില്ലാതെ ഏകപക്ഷീയമായ നിലപാട് കൃഷിക്കാരെ പ്രശ്നത്തിലാക്കുമെന്നാണ് ഞാൻ പറഞ്ഞത്. കൃഷി വകുപ്പ് ഇക്കാര്യത്തിൽ നിഷ്ക്രിയമായിരിക്കുകയാണ്. എന്റെ രണ്ടാമത്തെ ചോദ്യം, പ്രകൃതിക്ഷോഭവും അതുപോലെതന്നെ കീടങ്ങളുടെ ഉപദ്രവവും കൊണ്ട് കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കണം. ഇപ്പോൾ വനമേഖലയിൽ കൃഷി ചെയ്യുന്ന കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. വന്യമൃഗങ്ങളുടെ ശല്യം കൊണ്ട് കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയും അവരുടെ വിള സംരക്ഷിക്കാനാവശ്യമായ സമഗ്രമായ ഇൻഷ്വറൻസ് പദ്ധതിക്കും ഗവൺമെന്റ് തയ്യാറാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, അദ്ദേഹം പറഞ്ഞു, കൃഷി വകുപ്പ് നിഷ്ക്രിയമാണെന്നും സിവിൽ സപ്ലൈസ് വകുപ്പ് നെല്ല് സംഭരിക്കുന്നതിന് കൃഷി വകുപ്പിന് സമ്മതമാണെന്നും. കൃഷി വകുപ്പ് പുറമെ ഹാന്റിലിംഗ് ചാർജ്ജാണ് കൊടുത്തുകൊണ്ടിരിക്കുന്നത്; നെല്ല് എടുക്കുകയല്ല; എടുക്കുന്നവർക്ക് ചെലവാകുന്ന ഹാന്റിലിംഗ് ചാർജ് കൊടുക്കും. നെല്ല് സംഘങ്ങൾ, കൃഷി വികസന സമിതികൾ ഒക്കെയാണ് എടുത്തുകൊണ്ടിരുന്നത്. അങ്ങനെ എടുത്തുകൊണ്ടിരിക്കുന്ന നെല്ലിന് മിൽ ഉടമകൾ സംഘടിച്ച് വില കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതുകൊണ്ടാണ് സിവിൽസപ്ലൈസ് വകുപ്പ് ഇടപെടുന്നതിനു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന് സമ്മതമായത്. നെല്ല് എടുക്കുന്ന സമയത്ത് ഇവിടെ പ്രതിസന്ധിയായിരുന്നു. നെല്ല് വാങ്ങാതെ മിൽ ഉടമകൾ വില കുറയ്ക്കുന്നതിനുവേണ്ടിയുള്ള സംഘടിതശ്രമങ്ങൾ നടക്കുന്ന കാലമാണ്. അതുകൊണ്ട് കൃഷി വകുപ്പിന് സമ്മതമാണ്. കൃഷിക്കാർക്ക് കൂടുതൽ വില കിട്ടാൻ സിവിൽ സപ്ലൈസ് അവിടെ വച്ചുതന്നെ വില കൊടുക്കുന്ന സിദ്ധാന്തത്തിന് സമ്മതമാണ്. കൃഷി വകുപ്പ് നിഷ്ക്രിയമല്ല. കൃഷിക്കാരന്റെ കൂടെ നിൽക്കുകയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ ഇത്തവണ കൃഷി ഇറക്കിയവർക്ക് വലിയ നഷ്ടമാണുണ്ടായത്. സംസ്ഥാന ഗവൺമെന്റിന്റെയും നാഷണൽ സീഡ് ഫാം അതോറിറ്റിയുടെയും വിത്തുകൾ പല സ്ഥലത്തും മുളച്ചില്ല. പലയിടത്തും ഭാഗികമായിട്ടാണ് മുളച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഇറക്കുന്നതിനേക്കാൾ മുമ്പുണ്ടായ ചെലവുകളും വിളയുന്നതിനേക്കാൾ മുമ്പുണ്ടായ ചെലവുകളും വിളയുന്നതിനേക്കാൾ മുമ്പുണ്ടായ നഷ്ടവും പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ? രണ്ട് സീഡ്സ് അതോറിറ്റിയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന രീതിക്ക് മാറ്റം വരുത്താനും എന്തുകൊണ്ട് ഈ വിത്തുകൾ മുളയ്ക്കുന്നില്ല എന്ന് അന്വേഷിക്കാനും നടപടി സ്വീകരിക്കുമോ ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : സർ, ഇതുവരെ എന്നോട് ഇക്കാര്യം പറഞ്ഞിട്ടില്ല. നേരത്തെ പറഞ്ഞിരുന്നുവെങ്കിൽ ഡിസ്ക്കസ് ചെയ്ത് എന്ത് ചെയ്യണമെന്ന് ആലോചിക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ബഹുമാന്യയായ മന്ത്രി നേരത്തെ പറയുകയുണ്ടായി എനിക്ക് മന്ത്രിപ്പണി മാത്രമേയുള്ളു. അതുകൊണ്ട് കിട്ടുന്ന പൈസയൊക്കെ കൃത്യമായി ചെലവഴിക്കാറുണ്ടെന്ന്. ഇപ്പോൾ മന്ത്രിയോട് ചോദിക്കട്ടെ ബഡ്ജറ്റിൽ വെർച്വൽ യൂണിവേഴ്സിറ്റിക്ക് ഒരു കോടി രൂപ നീക്കിവച്ചിരുന്നു. എന്നാൽ അൺസ്റ്റാർഡ് ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഒരു ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുയെന്നാണ്. ബാക്കി 99 ലക്ഷം രൂപ ശ്രീ. വക്കം പുരുഷോത്തമൻ തരാത്തതുകൊണ്ടാണോ, അല്ലെങ്കിൽ ആരാണ് അത് മുക്കിയടിച്ചത് എന്നുള്ള കാര്യം മന്ത്രി പറയുമോ ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : സർ, ആ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന കുഴപ്പവും ബാധകമാണ്. വെർച്വൽ യൂണിവേഴ്സിറ്റി അഗ്രികൾച്ചറൽ കോളേജിലാണ് സ്ഥാപിച്ചിരിക്കുന്നത്. അവിടെ നടക്കുന്ന കുഴപ്പവും ചെറുതായി ബാധകമാണ്.

<u>ശ്രീ. എ. എൻ. രാജൻ ബാബു</u> : സർ, കേരളത്തിലെ കർഷകന് കൃഷി നാശത്തിന് പ്രയോജനകരമായ മാനദണ്ഡങ്ങൾ ഇല്ലായെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി പാർലമെന്റിൽ പറയുകയുണ്ടായി, അതിന് പ്രധാനപ്പെട്ട കാരണം 70 ശതമാനം കർഷകരും ദീർഘകാല വിളകൾ കൃഷി ചെയ്യുന്നവരാണ്. അവർക്ക് ഹെക്ടറിന് 75,000 രൂപ മുതൽ ഒന്നര ലക്ഷം രൂപ വരെ ചെലവഴിക്കേണ്ടി വന്നു. ദീർഘകാല വിള നശിച്ചാൽ ആറ് വർഷം വരെ കാത്തിരിക്കേണ്ടി വരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡം എന്നു പറയുന്നത് ഹ്രസ്വകാല വിളകൾക്കുള്ളതാണ്. ആറുമാസം കൊണ്ട് അടുത്ത വിളകൾ കിട്ടുന്നതിനാണ്. അതിന് ഹെക്ടറിന് 14,000 രൂപ വരെയാണ്. ആ മാനദണ്ഡത്തിലാണ് ഈ ദീർഘകാല വിളകൾ നശിച്ചാലും നഷ്ടപരിഹാരം കൊടുക്കേണ്ടുള്ള മാനദണ്ഡം. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : സർ, കേരളത്തിലെ കൃഷികളിൽ മൂന്നിലൊന്നും ദീർഘകാല വിളകളാണ്; വടക്കേ ഇന്ത്യ പോലെയല്ല. 10 ദിവസം ഞങ്ങൾ ഡൽഹിയിൽ താമസിച്ച് ഇതുസംബന്ധിച്ച ചർച്ചകളാണ് നടന്നത്. ഇപ്പോഴത്തെ കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാർ കൃഷിക്കാരനായതുകൊണ്ട് അദ്ദേഹം ദീർഘകാല വിളകളും ഹ്രസ്വകാല വിളകളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് നമുക്ക് റീപ്ലാന്റിംഗിനുള്ള സബ്സിഡി തന്നത്. കൃഷി നഷ്ടപ്പെട്ടവർക്ക് കാർഷിക inputs എന്നുപറഞ്ഞുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അഡീഷണലായി 106 കോടി രൂപ പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ അനൗൺസ് ചെയ്തു. അത് മനസ്സിലാക്കിയിട്ടുണ്ടെന്നാണ് എന്റെ വിചാരം. അല്ലെങ്കിൽ റീപ്ലാന്റിംഗ് കുരുമുളകിനും കശുമാവിനും വന്നു, തെങ്ങിന് ആ പ്രോജക്ട് അംഗീകരിച്ചതുകൊണ്ട് റീപ്ലാന്റിംഗ് വന്നു, റബ്ബറിന് റീപ്ലാന്റിംഗുണ്ട്. റീപ്ലാന്റ് ചെയ്ത് കൃഷി ആദായത്തിലേക്ക് വരുന്നത് ഇടക്കാല വിള നടത്തിക്കൊണ്ടും മറ്റ് നടപടികൾ എടുത്തുകൊണ്ടും കൃഷിക്കാരനെ നിലനിർത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാൻ ഞങ്ങൾ ബോധിപ്പിച്ചു.

ശ്രീ. പി. നാരായണൻ : സർ, കൃഷിക്കാർക്ക് ധാരാളം ആനുകൂല്യങ്ങൾ കൊടുത്ത കാര്യങ്ങളെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് വാഴ കൃഷിക്കാരുണ്ട്. രണ്ട് വർഷം മുമ്പ് ഈ വാഴ കൃഷിയെല്ലാം നശിച്ചു പോയതാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി അതിന് നഷ്ടപരിഹാരം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് പറഞ്ഞതാണ്. പക്ഷേ കൃഷി വകുപ്പിൽനിന്ന് ഇതുവരെ കൃഷിക്കാർക്ക് 10 പൈസ പോലും കൊടുത്തിട്ടില്ല. രണ്ട് വർഷമായി സെക്രട്ടേറിയറ്റിലും കൃഷി വകുപ്പിന്റെ ഡയറക്ടറേറ്റിലും കയറിയിറങ്ങുന്നു. ഇതിന് പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, അത് പരിശോധിക്കാം. എന്താണെന്ന് എനിക്ക് ഓർമ്മയില്ല. ഒരുപാട് കാര്യമാവുമ്പോൾ മറന്നു പോകും. ഞാൻ പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ് : സർ, കുരുമുളക് കൃഷിക്കാർ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. കുരുമുളക് കൃഷിയെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും കുരുമുളക് കൃഷിയുടെ നാശത്തിന് പ്രധാനപ്പെട്ട കാരണമായ കുമിൾ രോഗത്തെ തടയാൻ കാര്യമായ നടപടികൾ ഒന്നും വന്നിട്ടില്ല. കുരുമുളക് ചെടി നല്ല വെയിൽ വരുമ്പോൾ ദ്രുതവാട്ടം എന്ന രോഗംകൊണ്ട് തകർന്നുപോവുകയാണ്. ധാരാളം ശാസ്ത്രജ്ഞന്മാരും വളരെയേറെ കൃഷി വിദഗ്ദ്ധന്മാരും ഉണ്ടെങ്കിലും ശാശ്വതപരിഹാരം കുരുമുളക് രോഗത്തിന് കണ്ടെത്താൻ കഴിയാത്തത് ശാസ്ത്രലോകത്തിന് അപമാനമാണ്. കുരുമുളക് കൃഷിയെ ആശ്രയിച്ച് കഴിയുന്ന കൃഷിക്കാരെ സഹായിക്കാൻ പ്രത്യേക താല്പര്യം ഗവൺമെന്റ് എടുത്തിട്ടുണ്ടെങ്കിലും കൂടുതൽ ശ്രദ്ധചെലുത്താൻ നടപടി സ്വീകരിക്കുമോ, അവർ സംഭരിച്ച കുരുമുളക് മാർക്കറ്റിംഗ് ഫെഡറേഷനെ പോലുള്ള സ്ഥാപനങ്ങൾ വിറ്റഴിച്ചതിനെത്തുടർന്നുണ്ടായ സാമ്പത്തിക പ്രശ്നങ്ങളൊക്കെയുണ്ട്. കുരുമുളകിന്റെ വില നിലനിർത്താൻ ആവശ്യമായ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ എന്തെങ്കിലും കാര്യങ്ങൾ ആലോചിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ആ നിലയ്ക്കാണ് പ്രൊക്യൂവർമെന്റ് വന്നത്, മാർക്കറ്റിംഗ് ഫെഡറേഷനാണ് നടത്തിയത്. അവർ സംഭരിച്ചു വച്ച്, പ്രയാസപ്പെട്ട് അത് ഇപ്പോൾ വിറ്റു. സംസ്ഥാന ഗവൺമെന്റ് അവർക്ക് കൊടുക്കാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ആറ് കോടി രൂപ കൊടുക്കുകയും ചെയ്തു. പിന്നെ രോഗം സംബന്ധിച്ച് പറയുകയാണെങ്കിൽ ശ്രുതവാട്ടത്തിന് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഒരു മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. അതിന് എക്സ്റ്റൻഷൻ സർവ്വീസ് ശരിയാകാത്തതാണ്. എന്താണെന്നു വച്ചാൽ അത് ഉപയോഗിക്കേണ്ട രീതിയെക്കുറിച്ച് ഇന്നും കൃഷിക്കാരന് അറിയില്ല. റിസർച്ചും എക്സ്റ്റൻഷനും തമ്മിലുള്ള വിടവ് നികന്നിട്ടില്ല എന്നാണ്. ആ വിധത്തിൽ ഒരു മരുന്ന് കണ്ടുപിടിച്ചിട്ടുള്ളത് ഫലപ്രദമാണെന്നാണ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പറയുന്നത്. ഏതായാലും പുതുതായി കേന്ദ്ര ഗവൺമെന്റ് രോഗം ബാധിച്ച പ്രദേശത്ത് റീ-പ്ലാന്റും ഇടുക്കിയിൽ ഉൾപ്പെടെ തുടങ്ങിയിട്ടുണ്ട്. അതിന് കഴിഞ്ഞ കൊല്ലം 10 കോടി രൂപ തന്നു. ഈ കൊല്ലം 10 കോടി രൂപ തന്നു. 30 കോടി രൂപയാണ് ആദ്യമായി അനുവദിച്ചത്. അതിൽ 20 കോടി രൂപ തന്നു. റീ-പ്ലാന്റിംഗിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ നേരത്തെ മന്ത്രി മറുപടി പറഞ്ഞപ്പോൾ നെല്ല് സംഭരണച്ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയെന്നാണ് ഞാൻ ചോദിക്കുന്നത് കഴിഞ്ഞ വർഷം നെല്ല് സംഭരിച്ച വകയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഞങ്ങൾ നിരാഹാരം കിടന്നതുമൊക്കെ ഓർക്കുമല്ലോ, അന്ന് പ്രഖ്യാപിക്കപ്പെട്ടതാണ് കൃഷിക്കാർക്ക് കൊടുക്കുന്ന ഹാന്റ്ലിംഗ് ചാർജ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ. നെല്ല് സംഭരിച്ച വകയിൽ കേരളത്തിലെ നെൽ കൃഷിക്കാർക്ക് 15 കോടിയോളം രൂപയാണ് കുടിശ്ശികയുള്ളത്. തൃശ്ശൂർ ജില്ലയിൽ മൂന്നര കോടി രൂപ, കുട്ടനാട് ആറ് കോടി രൂപ ഉൾപ്പെടെ 15 കോടി രൂപയിൽപ്പരം കഴിഞ്ഞ വർഷം നെല്ല് സംഭരിച്ച വകയിൽ കൊടുത്തു തീർക്കാനുണ്ട്. അതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ, കൃഷി വകുപ്പിന് അതിന് എന്തെങ്കിലും ചുമതലയുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, കൃഷി വകുപ്പ് കഴിഞ്ഞ പ്രാവശ്യം കൊടുത്തത് 15 കോടി രൂപയല്ല. ഒമ്പതര കോടി രൂപയാണ്. അതിൽ 50 ലക്ഷം രൂപ കൊടുത്തു. ഇനി 9 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. അതിനായി ഫൈനാൻസ് ഡിപ്പാർട്ടുമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്; പണത്തിന്റെ കുറവുള്ളതു കൊണ്ടാണ് നീണ്ടു പോയത്. റീ-അപ്രോപ്രിയേറ്റ് ചെയ്യാൻ പണം ഇല്ലാത്തതു കൊണ്ടാണ്. ബഡ്ജറ്റിലുള്ള പണം മറ്റ് കാര്യങ്ങൾക്കായി ചെലവായിപ്പോയതു കൊണ്ട് റീ-അപ്രോപ്രിയേഷൻ നടക്കുകയില്ല. സപ്ലിമെന്ററി ബഡ്ജറ്റായി കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. അത് കൊടുത്തോ ഇല്ലയോയെന്ന് നോക്കേണ്ടതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ 7500 ഏക്കർ സ്ഥലം നേരത്തെ കൃഷി ചെയ്യാത്തത്, ഈ വർഷം മുതൽ കൃഷി ആരംഭിച്ചിട്ടുണ്ട് എന്നുപറഞ്ഞു. എനിക്ക് അതറിയില്ല. പക്ഷേ നികത്തിയതും ഇക്കൊല്ലം കൃഷി അവസാനിപ്പിച്ചതുമായ നിലം ഇക്കണക്കിന് പതിനായിരം ഏക്കർ വരുമെന്നാണ് തോന്നുന്നത്. നെൽക്കൃഷി ഇവിടെ വളരെ ബുദ്ധിമുട്ടാണെന്നത് മന്ത്രിതന്നെ സമ്മതിച്ചു. കർഷക തൊഴിലാളിയെ കിട്ടില്ല, കൊയ്യാൻ ആളില്ല. അങ്ങനെ വരുമ്പോൾ ഇന്നുള്ള നിലയിൽ മലക്കറി കൃഷിയോ പച്ചക്കറി

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയോ അതിനുപറ്റിയ മറ്റ് കൃഷിയോ നടത്താനും അതിനാവശ്യമായ സബ്സിഡികൾ കൊടുക്കാനും ശ്രമിച്ചാൽ നിലം നികത്താതെയിരിക്കുകയും കൃഷി നടക്കുകയും ചെയ്യും. ഇപ്പോൾ കർണ്ണാടകയേയും തമിഴ്നാട്ടിനെയും ആന്ധ്രപ്രദേശിനെയുമൊക്കെ ആശ്രയിച്ചാണ് നമ്മുടെ പച്ചക്കറി ലഭ്യത; തൊഴിലവസരങ്ങളുണ്ടാകുകയും നിലം നികത്താതിരിക്കുകയും ചെയ്യും. നിലങ്ങളിൽ കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ജീവനക്കാരുടെ എണ്ണവും കുറഞ്ഞു കിട്ടും. നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷിയോ അല്ലെങ്കിൽ ആ നിലങ്ങൾക്ക് പറ്റിയ കൃഷിയോ ചെയ്യുന്നതിന് ഉത്തേജനം കൊടുക്കാൻ പറ്റുന്ന സ്കീമുകൾ ഗവൺമെന്റ് പ്രഖ്യാപിക്കുമോ? ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് പറഞ്ഞത്. അപ്പോൾ രണ്ടു പ്രശ്നത്തിനും പരിഹാരമുണ്ടാക്കുവാൻ കഴിയും. നെൽക്കൃഷി എന്തു വിചാരിച്ചാലും മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയാത്ത ഒരു അത്രമാളു ഘട്ടത്തിലാണ് നമ്മളിപ്പോൾ നിലിക്കുന്നത്. അതുകൊണ്ട് അതിന് ഒരു പരിഹാരം ഉണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുമോ ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u>: സർ, നെൽക്കൃഷി മൊത്തമായി ഉപേക്ഷിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടില്ല; അങ്ങനെ ഒരു നയവുമില്ല. നെൽക്കൃഷി ലാഭകരമാക്കാനാണ് ശ്രമിക്കുന്നത്. ലാഭകരമാക്കാൻ എന്ത് ചെയ്യാമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കർഷക തൊഴിലാളികളില്ല; ഉള്ള കർഷകത്തൊഴിലാളി കൊയ്യാൻ വന്നാൽ കൊയ്യലും തീറ്റിയുമായി നല്ല വില കൊടുക്കണം. അതുകൊണ്ട് കൊയ്യലിന് ക്ഷീണം ഉണ്ടാകാതെ ബാക്കിയുള്ളതൊക്കെ നോക്കുകയാണ്. നെൽക്കൃഷി പാടേ ഉപേക്ഷിക്കുവാൻ പറ്റില്ല. പാടേ ഉപേക്ഷിച്ചുകൂടാ എന്നുള്ളതാണ്. ഫുഡ് സെക്യൂരിറ്റി എന്നു പറയുന്ന സ്കീമാണല്ലോ ഇപ്പോഴത്തെ മുദ്രാവാക്യം. നെൽക്കൃഷി ചെയ്യുന്ന സ്ഥലത്ത് പഴയ കാലത്ത് ആളുകൾ വാഴക്കൃഷി ചെയ്യാറുണ്ട്. ഒരു വാഴ, ഒരു വെറ്റില, ഒരു നെല്ല്. ഇതിനൊക്കെ ഇടുന്ന വളം, നെൽക്കൃഷി ചെയ്യുന്നതിന് കൊത്തിനിരത്തി കഴിയുമ്പോൾ വളം കുറച്ചു മതി. പഴയ കാലത്ത് അങ്ങനെ ചെയ്യുന്നുണ്ടായിരുന്നു. Land utilisation-ന്റെ നിബന്ധന ഒരു പ്രാവശ്യം കൃഷി, ഒരു പ്രാവശ്യം വളം എന്നുള്ളതാണെങ്കിലും എതിരാണോ എന്നുള്ളത് പരിശോധിച്ചു നോക്കാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, നെൽക്കൃഷിയെക്കുറിച്ചുള്ള ചോദ്യങ്ങളാണ് വരുന്നത്. തകർന്നു കൊണ്ടിരിക്കുന്ന നെൽക്കൃഷിയെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപ്പിലാക്കി വന്ന പദ്ധതിയാണ് Market Intervention. അതുപ്രകാരമാണ് ഹാന്റ്ലിംഗ് ചാർജ്ജസ് കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 95 രൂപ വച്ചാണ് ഹാന്റ്ലിംഗ് ചാർജ്ജ് കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഹാന്റ്ലിംഗ് ചാർജ്ജ് ഒരു രൂപപോലും കൊടുക്കാത്തതു കൊണ്ട് നെല്ല് സംഭരണത്തിന് വന്ന ഏജൻസികൾ, പ്രാഥമിക സംഘങ്ങളും മറ്റ് സംഘടനകളും പാടശേഖര സമിതികളും ഉൾപ്പടെ പലിശ കൊടുക്കാത്തതിനാൽ വലിയ ബാധ്യതയിൽ എത്തി നിൽക്കുകയാണ്. കാരണം റീ-പേമെന്റ് ചെയ്യാത്തതാണ്. അത് കൊടുത്തു തീർത്ത് ആ സംഘടനകളെ രക്ഷിക്കുന്നതിനും ഇപ്പോഴുള്ള സംഭരണ വ്യവസ്ഥിതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷം 750 രൂപയ്ക്ക് സംഭരിച്ചത് ഇത്തവണ 700 രൂപയായി മാറിയിരിക്കുന്നു. ഹാന്റ് ലിംഗ് ചാർജ്ജിന്റെ ലാഭം കൃഷി വകുപ്പിന് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് മറ്റ് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് ആ പണം നിലനിർത്തി നെൽക്കൃഷിയെ നിലനിർത്താൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ? അതുപോലെ മില്ലുടമകളുടെ ചൂഷണം. ഒരു ക്വിന്റൽ നൂറ് കിലോ എന്ന് പഠിക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏല്പിച്ചിട്ടുള്ള മില്ലുടമകൾ ഒരു ക്വിന്റലിന് 110 കിലോയാണ് തൂക്കമായി ആവശ്യപ്പെടുന്നത്. അതുകൊണ്ടു തന്നെ കുമരകത്ത് ഇപ്പോഴും സംഭരണം നടക്കാതെ കഴിഞ്ഞ മുന്ന് ആഴ്ചയായി നെല്ല് കെട്ടിക്കിടക്കുന്നു. ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് ഗവൺമെന്റ് വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എനിക്കറിയില്ല. ഹാന്റ് ലിംഗ് ചാർജ്ജ് ഗവൺമെന്റിന് ലാഭകരമായതുകൊണ്ട് പല നടപടികളെടുത്തു. കർഷകർക്ക് മുമ്പ് കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങളാണോ കൊടുക്കുന്നത്? നിങ്ങൾതന്നെ പറയുക. മുമ്പ് വെള്ളം കയറിക്കഴിഞ്ഞാൽ കുമ്മായവും വിത്തുമായി വരുമായിരുന്നോ? കൃഷി നടക്കണമെന്നുള്ള നിലയിൽ ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്, നല്ലതുപോലെ കൊടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ കാര്യത്തിൽ നമ്മൾ ലാഭത്തെക്കുറിച്ചൊക്കെ പറയണോ? വ്യക്തികളുടെ കാര്യത്തിൽ പറയണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ വെർച്വൽ യൂണിവേഴ്സിറ്റിക്ക് നീക്കിവച്ചത് ഒരുകോടി രൂപ ചെലവു ചെയ്തത് ഒരു ലക്ഷം രൂപ ബാക്കി എവിടെ പോയെന്ന ചോദ്യത്തിന് കാർഷിക യൂണിവേഴ്സിറ്റിയിലാണ് ഇതിന്റെ ഓഫീസ് എന്നുള്ളതുകൊണ്ട് അവിടെ കുറച്ച് തുക ചെലവായി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് ഒരു നാലോ അഞ്ചോ ലക്ഷം മാത്രം. ബാക്കി 90 ലക്ഷം രൂപ എവിടെ? നൂറ് ലക്ഷം രൂപയിൽ രണ്ടോ മൂന്നോ ലക്ഷം രൂപയുടെ ചെലവ് കഴിഞ്ഞാൽ ബാക്കി തുക എവിടെപ്പോയി എന്ന ചോദ്യത്തിന് ഉത്തരം കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഞാൻ എടുത്തിട്ടില്ല. ലാപ്സായി പ്പോയി.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, നെൽക്കൃഷി പാടെ ഉപേക്ഷിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. പക്ഷേ നെൽക്കൃഷി ചെയ്യുന്നവരെ രക്ഷിക്കുകയും ശിക്ഷിക്കാതിരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് അയൽ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ല്, ആ നിലയിൽ കേരളത്തിൽ നെല്ലുല്പാദിപ്പിക്കുക സാധ്യമേയല്ല. അതിന് നൽകുന്ന ആനുകൂല്യം യഥാവിധി ലഭിക്കേണ്ടതാണ്. അതിന് നമ്മൾ പ്രഖ്യാപിച്ച ഹാന്റ് ലിംഗ് ചാർജ്ജ് കൊടുക്കാത്തതുകൊണ്ടുള്ള വിഷമം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഒപ്പം നെൽക്കൃഷിയിൽനിന്നും മാറി പച്ചക്കറിയും മാവിൻതോട്ടങ്ങളും വച്ച് വരുമാനം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ അവിടെ മാരകവിഷമായ എൻഡോസൾഫാൻ തുടങ്ങിയവ തളിച്ച് ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ വില കിട്ടാത്ത അവസ്ഥ വരുന്നു. അതുംകൂടി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എൻഡോസൾഫാന്റെ ഏരിയൽ സ്പ്രേയിംഗ് ഗവൺമെന്റ് തടഞ്ഞിട്ടുണ്ട്. ഹൈക്കോടതിയിൽ ഒരു കേസ് വന്നതിനുശേഷം എൻഡോസൾഫാൻ തളിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഓരോരുത്തർ തളിക്കേണ്ട ഏരിയ പറഞ്ഞ് ഹൈക്കോടതിയിൽപ്പോയി അതിനു അനുവാദം വാങ്ങണമെന്നാണ്. അനുവാദം വാങ്ങിയേ തളിക്കാൻ പറ്റുകയുള്ളൂ. എൻഡോസൾഫാൻ തളിക്കുന്നത് അനുവാദമില്ലാതെയാണെങ്കിൽ കേസ് എടുപ്പിക്കാം എന്നുള്ളതാണ് ഹൈക്കോടതിയുടെ നിലപാട്. ആ കേസിന്റെ സ്ഥിതിയും അതാണ്. ഏരിയൽ സ്പ്രേ ഗവൺമെന്റിന് ശാശ്വതമായി നിരോധിക്കാൻ പറ്റുകയില്ല. അതിന്റെ പുറത്തുള്ള ലേബൽ കണ്ടുകൊണ്ടാണ് വാങ്ങിയിരിക്കുന്നത്. നെൽക്കൃഷി മുഴുവൻ ഈ നാട്ടിൽനിന്ന് ഇല്ലാതെയാക്കിയിട്ട് മാവ് വയ്ക്കാമോ? അത് ഒരു ശരിയായ നടപടിയല്ല. എത്രയൊക്കെ നഷ്ടം വന്നുവെന്നു പറഞ്ഞാലും നെൽക്കൃഷി കംപ്ലീറ്റായി ഇല്ലാതെയാക്കുന്നത് ശരിയല്ല എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, കർഷക ആത്മഹത്യ കേരളത്തിൽ വർദ്ധിച്ച് വന്നപ്പോഴാണ് കേന്ദ്ര സർക്കാർ കുറച്ച് ഫണ്ട് കേരളത്തിന് നല്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുമ്പ് മറുപടി പറഞ്ഞപ്പോൾ വെള്ളിയാഴ്ച ഇതുസംബന്ധിച്ചുള്ള പാക്കേജ് പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞത്, എന്നുപറഞ്ഞാൽ ഫണ്ട് കിട്ടി ഒരു വർഷമായിട്ടും ഈ പണം ചെലവഴിച്ചിട്ടില്ല. വകമാറ്റി ചെലവഴിച്ചിരിക്കുന്നു. അപ്പോൾ എത്ര പണം കിട്ടി? എന്താണ് ചെലവഴിച്ചത്? എന്നൊക്കെയുള്ള വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എനിക്ക് ചോദ്യം മനസ്സിലായില്ല. ഏത് ഫണ്ടെന്ന് പറയാതെ എങ്ങനെ മറുപടി പറയും? ഇപ്പോൾ മരിച്ച 234 പേർക്ക് കൊടുക്കാനുള്ളത് കൊടുത്തു. കൊടുക്കാതിരിക്കുന്നില്ല.....(ബഹളം).....

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പഞ്ചായത്തുകളെ കമ്പ്യൂട്ടർശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് നടപടി

3 (*22) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;